## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 3307   25.06.2012- ൽ മറുപടിക്ക്**

### വിഴിഞ്ഞം തുറമുഖത്തിന്റെ ടെൻഡർ നടപടികൾ

**ചോദ്യം**

ശ്രീ. കെ. വി. വിജയദാസ് :

(എ) 12-ാം പദ്ധതിയുടെ സമീപന രേഖയുടെ അടിസ്ഥാനത്തിൽ വിഴിഞ്ഞം തുറമുഖത്തിന്റെ ഡി.പി.ആറും ടെൻഡർ നടപടികളും പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) ഇത് പി.പി.പി അടിസ്ഥാനത്തിലാണോ പി.പി.പി.പി ആയാണോ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ;

(സി) ഇതിന്റെ പ്രവർത്തനഘടനയുടെ വിശദാംശം നൽകുമോ?

**മറുപടി**

ശ്രീ. കെ.ബാബു
(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി)

(എ) യും (ബി) യും (സി) യും

വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി ലാന്റ് ലോർഡ് മോഡലിൽ നിർമ്മിക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്. ഇതനുസരിച്ച് തുറമുഖത്തിന്റെ ഡ്രെഡ്ജിംഗ്, റിക്ലമേഷൻ, ബ്രേക്ക് വാട്ടർ, ക്വേ വാൾ എന്നിവയുടെ നിർമ്മാണത്തിനു പുറമേ പദ്ധതിയ്ക്ക് ആവശ്യമുള്ള ജലം, വൈദ്യുതി, റെയിൽവേ, റോഡ് എന്നിവ എത്തിയ്ക്കുന്നതിനുള്ള ചുമതലയും സർക്കാരിന്റെ ഉടമസ്ഥതയിലുള്ള തുറമുഖ കമ്പനി മുഖേന സർക്കാരാണ് നടപ്പാക്കുന്നത് (പബ്ലിക്). സൂപ്പർ സ്ട്രക്ച്ചർ നിർമ്മാണവും, പോർട്ട് നടത്തിപ്പും മാത്രമാണ് സ്വകാര്യ മേഖലയ്ക്കുള്ളത്.

പദ്ധതി നടപ്പിലാക്കുന്നതിനായി ഐ.എഫ്.സി, ഡ്രിവ്റി ഷിപ്പിംഗ് കൺസൾട്ടന്റ്സ് ലിമിറ്റഡ് മുഖാന്തിരം ഒരു മാർക്കറ്റ് സ്റ്റഡിയും റോയൽ ഹസ്കണിംഗ് മുഖാന്തിരം പ്രിലിമിനറി പ്രോജക്ട് പ്ലാനും ഐ.എഫ്.സി, സ്ട്രാറ്റജിക് ഓപ്ഷൻ റിപ്പോർട്ടും ഉണ്ടാക്കിയിട്ടുണ്ട്. ഇതിനു പുറമെ എൽ & റ്റി റാംബോൾ ടെക്നോ ഫീസിബിലിറ്റി സ്റ്റഡിയും ഉണ്ടാക്കിയിട്ടുണ്ട്. പ്രോജക്ടിന്റെ ഫണ്ട് മാനേജേഴ്സ് ആയ എസ്.ബി.ഐ കാപ്സ്, പ്രൊജക്ട് ഇൻഫർമേഷൻ മെമ്മോറാണ്ടവും തയ്യാറാക്കിയിട്ടുണ്ട്.

പോർട്ട് നിർമ്മാണത്തിനുള്ള നിർമ്മാണ ടെൻഡർ നടപടികൾ പാരിസ്ഥിതിക അനുമതിയ്ക്കു ശേഷം മാത്രമേ പുറപ്പെടുവിക്കാൻ സാധിക്കുകയുള്ളൂ. ഇതിനു വേണ്ടിയുള്ള പാരിസ്ഥിതിക പഠനം 2012 ജൂൺ 30-നു പൂർത്തിയാക്കി, മറ്റു നടപടി ക്രമങ്ങൾ കൂടി പൂർത്തിയാക്കി കേന്ദ്ര സർക്കാരിൽ നിന്നും അനുമതി

ലഭിയ്ക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള ടെൻഡർ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ തുറമുഖ കമ്പനി ഏറ്റെടുത്തു കഴിഞ്ഞു. ഇതിനു വേണ്ടിയുള്ള ഇ.പി.സി കൺസൾട്ടന്റിനെ നിയമിക്കുകയും മാസ്റ്റർ പ്ലാൻ , ബിഡ്, ടെൻഡർ ഡോക്യുമെന്റ് എന്നിവ ഉണ്ടാക്കുന്നതിനുള്ള നടപടിക്രമങ്ങളും പുരോഗമിച്ചു വരുന്നു.

പദ്ധതി ചെലവ് 4010 കോടി രൂപയായി പുനർനിർണ്ണയിച്ചു. പുനർ നിർണ്ണയിച്ച പദ്ധതി ചെലവിന്റെ ഘടന ചുവടെ ചേർക്കുന്നു.

(a) പുതുക്കിയ ഒന്നാംഘട്ട പ്രോജക്ട് എസ്റ്റിമേറ്റ്

| | | തുക കോടിയിൽ |
|---|---|---|
| 1. | ഭൂമി ഏറ്റെടുക്കൽ | 790.98 |
| 2. | External infrastructure | 247.94 |
| 3 | തുറമുഖ പദ്ധതിയുടെ ആദ്യഭാഗം (EPC) | 1646.00 |
| 4 | നിർമ്മാണ ഘട്ടത്തിലെ പലിശ (Capitalized) | 355.00 |
| 5 | ബി.ഒ.റ്റി പദ്ധതിയുടെ തുക | 970.00 |
| | ആകെ | 4009.92 |
| | ആകെ (rounded off) | **4010** |

(b) ഇക്വിറ്റി/വായ്പ/സ്വകാര്യ കൺസഷനയറുടെ കോസ്റ്റ് എന്നിവയുടെ ബ്രേക്ക് അപ്പ്;

| | | തുക (കോടിയിൽ) |
|---|---|---|
| 1. സർക്കാരിന്റ തുക (VISL) | | |
| (i) ഇക്വിറ്റി | 1130 | |
| (ii) ഡെബ്റ്റ് -ടേം ലോൺ/ ബോണ്ടുകൾ | 1910 | 3040 |
| 2. സ്വകാര്യ സംരംഭകന്റെ തുക | | 970 |
| | ആകെ | **4010** |

(c) വായ്പയുടെ ബ്രേക്ക് അപ്പ്:

തുക (കോടിയിൽ)

| | |
|---|---|
| • ബാങ്കുകളിൽ നിന്നുള്ള ആർ.റ്റി.എൽ (റുപ്പി ടേം ലോൺ) | 300 |
| • ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള ആർ.റ്റി.എൽ | 800 |
| • ബോണ്ടുകൾ | 810 |
| ആകെ: | 1910 |

സെക്ഷൻ ഓഫീസർ